LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി : സർ, എന്റെ മുൻഗാമി ബഹുമാനപ്പെട്ട പി.പി. ജോർജ്ജ് മുതൽ എ.വി. അബ്ദുറഹിമാൻ ഹാജി തുടങ്ങിയിട്ടുള്ളവർ വരെ ഇക്കാര്യത്തിൽ നിവേദനം നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് വർഷം പിന്നിടുകയാണ്. വളരെ അടിയന്തിരമായി, സമയബന്ധിതമായി ഇക്കാര്യം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയുള്ള സത്വരമായ ഫലപ്രദമായ നടപടിയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഡിപ്ലോയ്മെന്റിലൂടെ ഇക്കാര്യങ്ങൾ കുറേയെറെ പരിഹരിക്കാൻ സാധിക്കുന്നതാണ്. സത്വര നടപടികൾ ഉണ്ടാകണമെന്ന് വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ശ്രീ. നാലകത്ത് സൂപ്പി : സർ, കേരളത്തിലെ പൊതുവിദ്യാഭ്യാസ ഓഫീസുകളുടെ പുനർക്രമീകരണം വേണമെന്നുള്ള ആവശ്യം കാണിച്ച് എല്ലാ എം.എൽ.എ.മാരും മന്ത്രിമാരും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ പ്രയോറിറ്റി നിശ്ചയിച്ച് പിന്നീട് അവസാന തീരുമാനം എടുക്കുന്നതാണ്.

III സബ്മിഷൻ

(1) ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, നമ്മുടെ സംസ്ഥാനത്ത് ചന്ദന മാഫിയാകളുടെ വളരെ ശക്തമായ സമ്മർദ്ദത്തിന് വിധേയമായി ആത്മാർത്ഥതയുള്ള ഉദ്യോഗസ്ഥന്മാരെ ദൂരെ സ്ഥലംമാറ്റി കൊണ്ടിരിക്കുന്നതിൽ വനം വകുപ്പ് സെക്രട്ടറിയുടെതന്നെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നിരിക്കുന്നു എന്നാണ് മാധ്യമങ്ങളിൽ കാണാൻ കഴിഞ്ഞത്. പാലക്കാട് രണ്ട് ചന്ദന ഫാക്ടറികൾക്ക് എൻ.ഒ.സി. നിഷേധിച്ച ശ്രീ.എൽ.ചന്ദ്രശേഖരൻ എന്ന ഡി.എഫ്.ഒ.-യെ പൊടുന്നനെ ഫോറസ്റ്റ് ട്രെയിനിംഗ് സ്ക്കൂളിലേയ്ക്ക് സ്ഥലംമാറ്റി. തൊട്ടുപുറകെ ചന്ദന മാഫിയായ്ക്ക് എതിരെ ശക്തമായ നിലപാട് എടുത്തുകൊണ്ടിരിക്കുന്ന മൂന്നാർ ഡി.എഫ്.ഒ. ശ്രീമതി പ്രകൃതി ശ്രീവാസ്തവയെ തികച്ചും അപ്രധാനമായ മലയാറ്റൂർ എന്ന സ്ഥലത്തേയ്ക്ക് സ്ഥലം മാറ്റിയതായി അറിയുന്നു. ശ്രീമതി പ്രകൃതി ശ്രീവാസ്തവ മൂന്നാറിൽ ചാർജ് എടുത്തതിനുശേഷം 97 ടൺ അനധികൃത ചന്ദനമാണ് പിടിച്ചെടുത്തത്. എന്നാൽ അതിന് തൊട്ട് മുൻ വർഷം വെറും 2 ടൺ ചന്ദനമാണ് പിടിച്ചെടുത്തിരുന്നത്. ഇതിൽനിന്ന് അവരുടെ കഴിവും ആത്മാർത്ഥതയും വ്യക്തമാണ്. ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്ന ഈ വനിതാ ഉദ്യോഗസ്ഥയെ പൊടുന്നനെ സ്ഥലം മാറ്റിയത് എന്തിനെന്ന് വനവും സ്പോർട്സും വകുപ്പുമന്ത്രി വ്യക്തമാക്കണം. മതികെട്ടാൻ വനം കൊള്ളയെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർ എന്ന് കണ്ട് സസ്പെൻഡ് ചെയ്ത മുഴുവൻ ഉദ്യോഗസ്ഥന്മാരെയും ഗവൺമെന്റ് ഇതിനകം സർവ്വീസിൽ തിരിച്ച് എടുത്തതായി മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ മതികെട്ടാൻവനം കൊള്ള പുറംലോകത്തെ അറിയിക്കുന്നതിൽ വലിയ പങ്ക് വഹിച്ച ദേവികുളം റെയ്ഞ്ചിലെ ഫോറസ്റ്റ് റെയ്ഞ്ചർ ശ്രീ. വി. കെ. ഫ്രാൻസിസിനെ ഇതുവരെ തിരിച്ചെടുത്തിട്ടില്ല. റവന്യൂ വകുപ്പുമന്ത്രിയുടെ ശക്തമായ സമ്മർദ്ദം കൊണ്ടാണ് അദ്ദേഹത്തെ തിരിച്ചെടുക്കാൻ കഴിയാത്തതെന്നു കേൾക്കുന്നു. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പ്രവർത്തനത്തെ ആസ്പദമാക്കി വനം മന്ത്രിയുടെതന്നെ പ്രോൽസാഹനം

അദ്ദേഹത്തിന് ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻവേണ്ടി ജോലിക്കിടെ അപകടപ്പെട്ടുപോകാതിരിക്കാൻവേണ്ടി അദ്ദേഹത്തിന് വനം മന്ത്രി ഒരു റിവോൾവർ തന്നെ നൽകിയെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ ഉദ്യോഗസ്ഥൻ ഇപ്പോഴും സസ്പെൻഷനിൽ പുറത്താണ്. അങ്ങനെ ചന്ദന തടിയുടെ ഇടപാടുമായി ബന്ധപ്പെട്ട് ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഒന്നിനുപുറകെ ഒന്നായി സ്ഥലം മാറ്റുകയോ പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്നു. അതുപോലെത്തന്നെ ഫോറസ്റ്റിൽ വനംകൊള്ളക്കാരായിട്ടുള്ള ആളുകളുടെ തട്ടിപ്പ് പുറത്തുകൊണ്ടുവരുന്നവർക്ക് ഈ വകുപ്പിൽ രക്ഷയില്ലായെന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. ഈ അടുത്ത കാലത്ത് ഞാൻ തളിപ്പറമ്പിൽ പോയപ്പോൾ 25 കിലോ ചന്ദനത്തൈലം മോഷ്ടിക്കപ്പെടുകയോ പൊട്ടിയൊലിക്കുകയോ ചെയ്തുവെന്നാണ് അവിടുത്തെ ഡി.എഫ്.ഒ. എന്നോട് പറഞ്ഞത്. പൊട്ടിയൊലിച്ചുപോയതാണെങ്കിൽ സ്വാഭാവികമായും ഒരു തുള്ളി ചന്ദനത്തിന്റെ മണംതന്നെ എത്ര ആസ്വാദ്യകരമാണ്. ഒരു ടിൻ പൊട്ടിയൊലിക്കുകയാണെങ്കിൽ ചുറ്റുമുള്ള ഉദ്യോഗസ്ഥന്മാർ മാത്രമല്ല സമീപവാസികളായവരുടെ മൂക്കിലേക്ക് തന്നെ ഈ സുഗന്ധം അടിച്ചേനെ. അപ്പോൾ ഇത് എങ്ങനെ സംഭവിച്ചു എന്ന് ഞാൻ ശ്രീ. കെ. കെ. രാമചന്ദ്രനോട് ചോദിച്ചപ്പോൾ ഉത്തരം ഉണ്ടായിരുന്നില്ല. ആ രാമചന്ദ്രൻ ഉത്തര കേരളത്തിൽ ഡി.എഫ്.ഒ.ആയി ഇരുന്നുകൊടായെന്നു വളരെ ശക്തമായ ഒബ്ജക്ഷൻ സീനിയർമാരായ ഫോറസ്റ്റ് ആഫീസർമാർ അറിയിച്ചിട്ടും അദ്ദേഹം ഉത്തര കേരളത്തിൽ കണ്ണൂരിൽത്തന്നെ ഇപ്പോഴും നിലനിൽക്കുകയാണ്. ഇങ്ങനെ നിരുത്തരവാദികളും അഴിമതിക്കാരുമായ ഉദ്യോഗസ്ഥന്മാർ ഫോറസ്റ്റ് മന്ത്രിയുടെ ആഫീസുമായി പരിരക്ഷിക്കപ്പെടുന്നു എന്നാണ് ഉയർന്നു വന്നിട്ടുള്ള ആക്ഷേപം. അതിന് പുറമേ കാസർഗോഡ് ജില്ലയിലെ ഏഴ് ചന്ദന ഫാക്ടറികൾ നടത്താൻ പാടില്ലെന്ന് ഗവൺമെന്റിനും പ്രിൻസിപ്പൽ സെക്രട്ടറിക്കും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർക്കും റിപ്പോർട്ട് ചെയ്തിട്ട് ഇപ്പോൾ 19 മാസമായി. വിജിലൻസിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് ഈ 19 മാസമായിട്ടും വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ ഡയറക്ടർ ചുണ്ടിക്കാണിച്ച ഈ ഏഴ് ഫാക്ടറികളുടെ കാര്യത്തിൽ നടപടി സ്വീകരിക്കാൻ വൈകിയത്. ഈ ഫാക്ടറികൾ അനുവദിക്കുന്നതിനുവേണ്ടി. പങ്കുവഹിച്ച പഞ്ചായത്ത് ആഫീസർമാർ, ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരെ പ്രതിചേർത്തു കേസ്സെടുക്കണം. എന്തുകൊണ്ടാണ് ഈ ഏഴ് ഫാക്ടറികൾക്ക് എതിരായി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ഡയറക്ടർ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അറിയിപ്പ് നൽകിയതിനുശേഷം 19 മാസം ഇങ്ങനെ താമസിക്കാൻ ഇടയായത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്ന് എനിക്ക് ഉത്തരം കിട്ടണം. അതുപോലെത്തന്നെ ഈ ഫോറസ്റ്റ് വകുപ്പിലെ ചന്ദന കറപ്ഷന് എതിരായി, ശക്തമായിട്ട് ആത്മാർത്ഥമായി ഗവൺമെന്റിന്റെകൂടെ ഉറച്ചുനിന്നു പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഇങ്ങനെ തുരുതുരാ സ്ഥലം മാറ്റിക്കൊണ്ട് അഴിമതിക്കാർക്ക് രക്ഷനൽകുന്ന സ്ഥിതിവരുത്തിയതിന് കാരണം എന്താണെന്ന് ബഹുമാനപ്പെട്ട ഫോറസ്റ്റ് വകുപ്പുമന്ത്രി വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഫോറസ്റ്റ് വകുപ്പിലെ ട്രാൻസ്ഫറിനെക്കുറിച്ച് ഉന്നയിച്ച ആക്ഷേപം ഒരു പക്ഷേ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ആകാമെന്നു ഞാൻ കരുതുകയാണ്. കഴിഞ്ഞ രണ്ടുമൂന്നു ദിവസമായി മാതൃഭൂമിയിലും ഇന്ത്യൻ എക്സ്പ്രസ്സിലും വന്ന വാർത്തകളാകാം അദ്ദേഹത്തെ ഒരു പക്ഷേ ഇത്തരം ഒരു ആക്ഷേപം ഉന്നയിക്കാൻ പ്രേരിപ്പിച്ചതെന്നു കരുതുകയാണ്. ആദ്യമേ ഞാൻ പറയാം പത്രവാർത്തകളെല്ലാം കെട്ടിച്ചമച്ച ആരോപണങ്ങളും കഥകളുമാണ്. വലിയ വെണ്ടയ്ക്കായക്ഷരത്തിൽ നിരത്തി മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച ഈ വാർത്തയിൽ ട്രാൻസ്ഫർ എന്ന് പറയുന്നത്. കൂട്ട ട്രാൻസ്ഫർ നടത്തിയെന്നാണ് പത്രത്തിലെ ആക്ഷേപം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിലേയ്ക്ക് മൊത്തം നടന്ന ട്രാൻസ്ഫർ ഞാൻ കൊണ്ടുവരികയാണ്. 199 റെയിഞ്ച് ആഫീസർമാരുള്ള ഫോറസ്റ്റ് വകുപ്പിൽ ഈ തവണ ട്രാൻസ്ഫർ നടന്നത് 18 ആളുകൾക്കാണ്. ഈ ജനറൽ ട്രാൻസ്ഫറിൽ 18 ആളുകൾക്കാണ് ട്രാൻസ്ഫർ. 18 ആളുകൾ എന്നു പറയുമ്പോൾ നമുക്കറിയാം 9 ആളുകളായിരിക്കും മാറുക. 199 റെയിഞ്ച് ആഫീസർമാരിലാണ് 9 ആളെ : 18 ആളെ ട്രാൻസ്ഫർ ചെയ്തത്. 101 എ.സി.എഫ്. മാരുള്ള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ 28 പേരുടെ പ്രൊപ്പോസലാണ് ഇപ്പോൾ നിലവിലുള്ളത്. 94 ഐ.എഫ്.എസ്. ആഫീസർമാരിൽ സി.എഫ്. മാരും സി.സി.എഫ്. മാരും അടങ്ങുന്ന 21 ആളുകളുടെ ട്രാൻസ്ഫർ പ്രൊപ്പോസലാണ് നിലവിലുള്ളത് ഐ.എഫ്.എസ് ആഫീസർമാരായ ഡി.എഫ്.ഒ.മാരുടെ ട്രാൻസ്ഫർ ഇതുവരെയും ഗവൺമെന്റ് പരിഗണിച്ചിട്ടില്ല. അങ്ങ് സൂചിപ്പിച്ച ഈ ശ്രീമതി പ്രകൃതി ശ്രീവാസ്തവയൊന്നും നിലവിലുള്ള ട്രാൻസ്ഫർ ഓർഡറിൽ വന്നിട്ടില്ല. ഒരുപക്ഷേ ആന്റിസിപേഷൻ ആയിരിക്കാം. മാറാം, മാറ്റപ്പെടാം എന്ന ഒരു മുൻവിധിയോടുകൂടിയുള്ള പത്രവാർത്തകൾ ഞാനും വായിച്ചു. സാധാരണഗതിയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ഒരു വർഷം ജനറൽ ട്രാൻസ്ഫർ എന്നു പറയുന്നത് ഏത് വർഷത്തെ ട്രാൻസ്ഫർ പരിശോധിച്ചു നോക്കിയാലും ഇതിനെക്കാളും കൂടിയ നമ്പറുകളുടെ ട്രാൻസ്ഫർ എപ്പോഴും കാണാം. ഏത് കാലത്തും കാണാം. പക്ഷേ വളരെ നാമമാത്രമായ ട്രാൻസ്ഫർ മാത്രമേ ഈ വർഷത്തെ ജനറൽ ട്രാൻസ്ഫറിൽ ഡിപ്പാർട്ടുമെന്റ് നടത്തിയിട്ടുള്ളുയെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ എനിക്ക് അറിയിക്കാനുള്ളത്. പിന്നെ അങ്ങ് സൂചിപ്പിച്ച ശ്രീ. ചന്ദ്രശേഖരൻ എന്ന ഡി.എഫ്.ഒ. അദ്ദേഹത്തെ ഈ വർഷം ട്രാൻസ്ഫർ ചെയ്തിട്ടില്ല. അദ്ദേഹം വാളയാർ ട്രെയിനിംഗ് സ്കൂളിലെ പ്രിൻസിപ്പലാണ്. ഈ വർഷം അദ്ദേഹത്തിന് ട്രാൻസ്ഫർ കൊടുത്തിട്ടില്ല. പക്ഷേ ശ്രീ. ചന്ദ്രശേഖരനെ മാറ്റിയെന്നു മാതൃഭൂമിയിലുണ്ട്. പത്രത്തിൽവന്നിരിക്കുന്ന വാർത്തയ്ക്ക് ഒരു അടിസ്ഥാനവുമില്ലാത്ത, വസ്തുതകൾക്ക് വിരുദ്ധമായ വാർത്തകളാണ് മാതൃഭൂമി പത്രത്തിൽ വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതിൽ പറഞ്ഞിരിക്കുന്നത് മുഖ്യമന്ത്രി ട്രാൻസ്ഫർ തടഞ്ഞുവെന്നാണ്. നിങ്ങൾക്കറിയാം ആൾ ഇൻഡ്യാ സർവ്വീസാണ് ഐ.എഫ്.എസ്. ഐ.എഫ്.എസിന്റെ ട്രാൻസ്ഫർ ഫയൽ അവസാനം എത്തേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിലാണ്. ആൾ ഇൻഡ്യാ സർവ്വീസ് ട്രാൻസ്ഫറിന്റെ എല്ലാ ഫയലും അവസാനം എത്തേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കയ്യിലാണ്. മുഖ്യമന്ത്രിയുടെ കയ്യിലെത്തിയ ഫയലിൽ അദ്ദേഹം 'ഡിസ്ക്കസ്' എന്ന് എഴുതിയിട്ടുണ്ടെന്നാണ് എന്റെ അറിവ്. ആ ഡിസ്ക്കസ് എന്ന് എഴുതിയത് മുഖ്യമന്ത്രിക്ക് ഡിപ്പാർട്ടുമെന്റ് നടത്തിയ ട്രാൻസ്ഫറിലെ അവിശ്വാസമാണെന്ന് എനിക്ക് തോന്നുന്നുവെങ്കിൽ ഈ മന്ത്രിസഭയ്ക്കകത്ത് ഒരു നിമിഷമിരിക്കുവാൻ എനിക്ക് താല്പര്യമില്ലായെന്ന് ഈ സന്ദർഭത്തിൽ ഞാൻ ഇവിടെ അറിയിക്കുന്നു. അത് ഡിസ്ക്കസ് ചെയ്യുമ്പോൾ നമുക്ക് മനസ്സിലാകും. മാതൃഭൂമി പത്രത്തിൽ വാർത്ത വന്നിരിക്കുന്നത് ഇതിനു മുമ്പ് നടന്ന 46 ട്രാൻസ്ഫർ വനംവകുപ്പ് മന്ത്രി ഇടപെട്ട് തടഞ്ഞുവെന്നാണ്. ഒന്ന് 46 ട്രാൻസ്ഫറുകൾ നടന്നിട്ടില്ല. രണ്ട് വനം വകുപ്പ് മന്ത്രി എന്ന നിലയ്ക്ക് ഒരു ട്രാൻസ്ഫറും ഞാൻ തടയാൻ ഉത്തരവ് കൊടുത്തിട്ടുമില്ല. ചന്ദനം കള്ളക്കടത്ത് തടയുന്നതിന് നെഞ്ചുക്ക് കാണിക്കുന്ന ഓഫീസറാണ് പ്രകൃതി ശ്രീവാസ്തവ. ഇവിടെ ഈ നിയമസഭയിൽ അങ്ങും അങ്ങയോടൊപ്പം ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ എം.എൽ.എ.മാരും മറയൂരിൽ നടക്കുന്ന ചന്ദന വേട്ടയെക്കുറിച്ച് ഒരുപാട് തവണ പരാതി ഉന്നയിച്ചിരുന്നു. ഇഷ്ടംപോലെ ചന്ദനം കള്ളക്കടത്ത് നടത്തുന്നുവെന്ന് നിരവധി തവണ ഈ അസംബ്ലിയ്ക്കകത്തുതന്നെ പ്രതിപക്ഷത്തുനിന്ന് ആരോപണം ഉയർന്നുവന്നിട്ടുണ്ട്. ഈ സഭാവേദി അത് കേട്ടിട്ടുണ്ട്. ഇപ്പോൾ ട്രാൻസ്ഫർ വരുമോ ഇല്ലയോ എന്ന് തീർച്ചയാക്കുന്നതിനു മുൻപ് പ്രകൃതി ശ്രീവാസ്തവ മാറ്റപ്പെടുമെന്ന് മനസ്സിലായപ്പോൾ കഴിവുള്ള ഒരു ഓഫീസർ മാറ്റപ്പെടുകയാണ് എന്നുള്ള വാദം എനിക്ക് മനസ്സിലാക്കുവാൻ പ്രയാസം. മതികെട്ടാൻ മലയെക്കുറിച്ച് ഇവിടെ പറഞ്ഞു. മതികെട്ടാൻ മലയെക്കുറിച്ച് കഴിഞ്ഞ ദിവസം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും നിരവധി ആക്ഷേപം വന്നു. അവിടെ ഭൂമി വീണ്ടും കയ്യേറുന്നു. അവിടെ കുടിലുകൾ കെട്ടുന്നു. അനധികൃതമായ കയ്യേറ്റം നടത്തുന്നു. റവന്യൂ ഭൂമി വിട്ടുകൊടുത്തു. എന്നൊക്കെ ആരോപണം ഉന്നയിക്കുകയുണ്ടായി. എന്റെ വാദം നിങ്ങൾ പറയുന്നത് ഒന്നുമല്ല. മതികെട്ടാൻ മലയുടെ അധികാരവും മൂന്നാർ ഡി.എഫ്.ഒ. ശ്രീമതി പ്രകൃതി ശ്രീവാസ്തവയ്ക്കാണ്. നിങ്ങൾ ഇപ്പോൾ പറയുന്നു, അവർ കാര്യക്ഷമതയുള്ള ഓഫീസറാണെന്ന്. പക്ഷേ മതികെട്ടാൻ മലയിൽ കയ്യേറ്റം നടക്കുന്നു; അവിടെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ കൂട്ടുനില്ക്കുന്നുവെന്ന് ആരോപണവും പറഞ്ഞു. അതേ നാവു കൊണ്ടുതന്നെ ഈ ഓഫീസർ വളരെ കാര്യക്ഷമതയുള്ള ഓഫീസറാണെന്ന് പറയുന്നതു കേൾക്കുമ്പോഴുള്ള വിരോധാഭാസം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണെന്നു മാത്രമേയുള്ളൂ. ഫോറസ്റ്റ് വകുപ്പിൽ കഴിവുള്ള ഉദ്യോഗസ്ഥൻമാരും കഴിവില്ലാത്ത ഉദ്യോഗസ്ഥൻമാരും ഒരുപാടുണ്ട്. കഴിവുള്ളവരുണ്ട്. അത് ഒരാളൊന്നുമല്ല. കേരളത്തിൽ ഈ ഫോറസ്റ്റിന്റെ പ്രൊട്ടക്ഷനുവേണ്ടി കർക്കശമായ സമീപനങ്ങൾ സ്വീകരിച്ചു പോരുന്ന ഒരു പിടി

10.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാർ ഈ വകുപ്പിലുണ്ട്. അതോടൊപ്പം അങ്ങ് സൂചിപ്പിച്ചതുപോലെ മാഫിയകൾക്ക് വിധേയമായി മാഫിയകൾക്ക് സഹായം നല്കുന്ന ഉദ്യോഗസ്ഥൻമാരും ഫോറസ്റ്റ് വകുപ്പിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഇതൊന്നും നമ്മുടെ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയല്ല. ആരു മാറി മാറി സംസ്ഥാനം ഭരിക്കുമ്പോഴും ഫോറസ്റ്റ് വകുപ്പിന്റെ സാഹചര്യം ഇതുതന്നെയായിരിക്കുമെന്ന് അവിടെയിരിക്കുന്ന ഫോറസ്റ്റ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന മുൻ മന്ത്രിമാർക്കും ഇവിടെയുള്ള ഫോറസ്റ്റ് വകുപ്പ് കൈകാര്യം ചെയ്തിട്ടുള്ള മന്ത്രിമാർക്കും അറിയാമെന്നാണ് എന്റെ വിശ്വാസം. പിന്നെ ഈ ചന്ദന ഫാക്ടറിയെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ചന്ദന ഫാക്ടറികൾ ഇവിടെ നടക്കുന്നുണ്ട്. പത്തൊമ്പത് ചന്ദന ഫാക്ടറികൾ കേരളത്തിൽ ഇപ്പോഴുണ്ട്. ഇപ്പോൾ പതിനാലെണ്ണമെങ്കിലും പാർഷ്യലായി പ്രവർത്തിക്കുന്നുണ്ട്. ഫോറസ്റ്റ് വകുപ്പിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ തവണ നിയമസഭയിൽ പറഞ്ഞിരുന്നു, ഫോറസ്റ്റ് വകുപ്പിന് വളരെ പരിമിതമായ അധികാരങ്ങളും അവകാശങ്ങളും മാത്രമേ ഇത് നിയന്ത്രിക്കുവാനുള്ളൂ. അത് പറഞ്ഞത് നിസ്സഹായാവസ്ഥയിലല്ല. നിലവിലുള്ള സാഹചര്യം, നിലവിലുള്ള നിയമം, നിലവിലുള്ള കോടതി വിധി ഫോറസ്റ്റ് വകുപ്പിനെ ഇത് നിയന്ത്രിക്കുന്നതിൽനിന്നും പിന്നോട്ട് വലിക്കുന്നുവെന്ന യാഥാർത്ഥ്യം ഞാൻ രേഖ വച്ചുകൊണ്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. 1999-ൽ ഈ സംസ്ഥാന ഗവൺമെന്റ് ഇറക്കിയിരുന്ന ഒരു ജി.ഒ ആണ് ഈ ഫാക്ടറികളെ നിയന്ത്രിക്കാൻ സംസ്ഥാനത്തിന്റെ ഫോറസ്റ്റ് വകുപ്പിന് അവകാശം കൊടുക്കുന്നത്. അതിൽ അവസാനമായി പറയുന്നത്, സർക്കാർ ഈ കാര്യം വളരെ വിശദമായി പരിശോധിച്ചു. വനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി വനോല്പന്നങ്ങളുമായി ബന്ധപ്പെട്ടുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ വനോല്പന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും വർഷാവർഷം ലൈസൻസ് പുതുക്കി നല്കുന്നത് ബന്ധപ്പെട്ട ഫോറസ്റ്റ് ഓഫീസർമാരുടെ നിരക്ഷതാപത്രത്തിന് വിധേയമായിട്ടായിരിക്കണമെന്ന് ഇതിനാൽ ഉത്തരവാക്കുന്നു. ഈ ജി.ഒ ആണ് വാസ്തവത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് ഈ ചന്ദന ഫാക്ടറികളെ നിയന്ത്രിക്കുവാനുള്ള ഏക തുമ്പ്. എന്നാൽ 1999-ൽ ഹൈക്കോടതിയിൽ വാളയാർ റൂറൽ ഇൻഡസ്ട്രീസ് എന്നുപറയുന്ന ഒരു ചന്ദന കമ്പനി കൊടുത്ത കേസ്, ആ കേസിനകത്ത് 2002 ൽ ഒരു വിധി വന്നിരുന്നു. ആ വിധിയിൽ ബഹുമാനപ്പെട്ട കോടതി പറയുന്നത് Hence Ext. P7 in O.P.No. 9098 of 1999 is quashed... ഈ ജി.ഒ., കേരളത്തിന്റെ പരമോന്നത കോടതി, ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുന്നു. കോഷ് ചെയ്തിരിക്കുന്നു. ഈ ജി..ഒ., ഇപ്പോൾ നിലവിലില്ല. ഈ ജി.ഒ. നിലവിലില്ലാത്തിടത്തോളം കാലം ഫോറസ്റ്റ് വകുപ്പിന് ചന്ദന ഫാക്ടറികളെ നിയന്ത്രിക്കുവാനുള്ള കരുത്ത് നഷ്ടപ്പെട്ടിരിക്കുന്നു. ഇതിന്റെ മുകളിലുള്ള റിവ്യൂ പെറ്റിഷൻ ഇപ്പോൾ ഹൈക്കോടതിയിൽ നില്ക്കുകയാണ്. അതിന്റെ തീർപ്പ് വന്നിട്ടില്ല. അതിന്റെ തീർപ്പ് വന്നതിന് ശേഷം മാത്രമേ അതേക്കുറിച്ച് നമുക്കെന്തെങ്കിലും പറയാൻ സാധിക്കുകയുള്ളൂ. എന്നാൽ ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ താല്പര്യപ്പെടുന്നു. ചന്ദന ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുന്നത് കേരളത്തിൽ കുറേ വർഷക്കാലമായി പ്രവർത്തിക്കുന്ന ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുമ്പോഴും യു.ഡി.എഫ് ഭരിക്കുമ്പോഴും ഇവിടെ ഫാക്ടറികൾ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ഫാക്ടറികൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന്റെ ലൈസൻസ് വച്ചിട്ടാണ്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ ലൈസൻസും പഞ്ചായത്ത് ലൈസൻസും വച്ചുകൊണ്ടാണ്; പഞ്ചായത്താണ് ലൈസൻസ് കൊടുക്കുന്നത്. ഞാൻ അഞ്ജയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു രാഷ്ട്രീയം പറയുകയാണെന്ന് ധരിക്കരുത്. ഒരു വസ്തുത ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണ്. ഈ ലൈസൻസ് കൊടുത്ത പഞ്ചായത്തുകളിൽ 99 ശതമാനം പഞ്ചായത്തുകളും ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന പഞ്ചായത്തുകളാണ്. ഓരോന്നോരോന്നായി ഞാൻ പറയാം. EM Esssential Oil Industries, Kasargode .യു.ഡി.എഫ്.-ന് ഒരു പഞ്ചായത്ത് മെമ്പർമാർ പോലുമില്ല എന്നാണ് എന്റെ അറിവ്. കാസർകോട് ജില്ലയിലെ കോട്ടോംബേളൂർ പഞ്ചായത്തിൽ യു.ഡി.എഫ്. മെമ്പർമാരുണ്ടോ ? ഇല്ല. കോട്ടോംബേളൂർ പഞ്ചായത്ത് സെൻ പെർസന്റ് സി.പി.എം.ന്റെ പഞ്ചായത്താണ്. അവർ ലൈസൻസ് കൊടുത്തിരിക്കുന്നു. അവരുടെ ലൈസൻസിന്റെ പുറത്താണ് ഈ ഫാക്ടറി അവിടെ പ്രവർത്തിക്കുന്നത്. അതുപോലെതന്നെ 2002 മാർച്ചിൽ ഉപ്പള ആരോമാറ്റിക്, കാസർകോട്. അവിടെയും ഇടതുപക്ഷം ഭരിക്കുന്ന പഞ്ചായത്താണ്.

മി. സ്പീക്കർ : ഇപ്പോൾ എല്ലാം പറയേണ്ട.

ശ്രീ. കെ. സുധാകരൻ : സർ, മലനാട് പെർഫ്യൂംസ്, നീർച്ചാൽ പെർഫ്യൂംസ്. ഇതെല്ലാം സത്യത്തിൽ എങ്ങനെയാണ്. ഞാൻ കുറ്റപ്പെടുത്തുവാനോ ആക്ഷേപിക്കാനോ പറഞ്ഞതല്ല. ഞാൻ ചോദിക്കുന്നു: നയപരമായി ഇടതുപക്ഷത്തിന്റെ തീരുമാനം ഈ ചന്ദന ഫാക്ടറി വേണ്ടാ എന്നാണെങ്കിൽ എൽ.ഡി.എഫ് തീരുമാനമെടുത്താൽത്തന്നെ കേരളത്തിലെ ചന്ദന ഫാക്ടറികളെല്ലാം പൂട്ടും. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽനിന്ന് ഒന്നും ചെയ്യേണ്ട. ഈ ഫാക്ടറികൾ പ്രവർത്തിക്കുന്നത് ആകപ്പാടെയുള്ള പഞ്ചായത്ത് ലൈസൻസ് മാത്രം വച്ചുകൊണ്ടാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സ്വന്തം നിയോജകമണ്ഡലത്തിൽ മലമ്പുഴയിലുണ്ടല്ലോ ചന്ദന ഫാക്ടറി. പഞ്ചായത്താണല്ലോ ലൈസൻസ് കൊടുത്തിരിക്കുന്നത്. അവരൊക്കെ ആ ലൈസൻസ് വിത്ഡ്രോ ചെയ്താൽ ചന്ദന ഫാക്ടറി പൂട്ടാം. വേറെയൊന്നും ആലോചിക്കേണ്ട. നയപരമായ ഈ ചർച്ചയിൽ നിങ്ങൾ അനുകൂലമാണെങ്കിൽ മറ്റൊന്നും ആലോചിക്കേണ്ട നിങ്ങളുടെ പഞ്ചായത്തുകളിലെ ലൈസൻസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാൽ ഇതെല്ലാം റദ്ദാക്കപ്പെടുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു കാര്യം കൂടി ഞാൻ പറയാം. ഇവിടെ ചന്ദന ഫാക്ടറികൾ നിയമവിധേയമാക്കി നടത്തണമോ അതോ പൂട്ടണമോ എന്ന ഒരു പ്രസക്തമായ ചോദ്യം നമ്മുടെ മുമ്പിലുണ്ട്; ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അതിന് ഒരു തീരുമാനമുണ്ടാക്കുവാൻ ഗവൺമെന്റ് ഒരു സബ് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ആ സബ് കമ്മിറ്റിയുടെ രണ്ട് സിറ്റിംഗ് നടന്നു. ഞാൻ ഉറച്ച് വിശ്വസിക്കുന്നു: ഈ നിയമസഭയെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു,

LIBRARY ARCHIVES Kerala Legislative Assembly

രണ്ടു മാസത്തിനുള്ളിൽ ആ സബ് കമ്മിറ്റിയുടെ തീരുമാനം ആത്യന്തികമായി, ചന്ദന ഫാക്ടറികളോടുള്ള ഈ സർക്കാരിന്റെ നയപരമായ സമീപനം എന്തെന്ന് രണ്ടു മാസത്തിനുള്ളിൽ ഈ സബ് കമ്മിറ്റി തീർപ്പു കല്പിച്ച് ഗവൺമെന്റിന് റിപ്പോർട്ട് നല്കും അതുപോലെ സഹകരണ മേഖലയിൽ മറയൂരിൽ ഒരു ഫാക്ടറി ആരംഭിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശം ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്.അതുകൂടി പരിഗണിക്കുവാൻ വേണ്ടി ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്. മറയൂരിൽ അത്തരം ഒരു ഫാക്ടറിക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുവാൻ ഫോറസ്റ്റ് വകുപ്പിന് സന്തോഷമുണ്ട്. അത് ബന്ധപ്പെട്ടവരെ അറിയിക്കുവാൻ താല്പര്യപ്പെടുന്നു. തളിപ്പറമ്പിലെ റേഞ്ച് ഓഫീസിൽനിന്ന് ചന്ദനം പോയത് യാഥാർത്ഥ്യമാണ്. അതിന്റെ കേസ് ഇപ്പോൾ നിലവിലുണ്ട്. അതിനുമുമ്പ് ഒലവക്കോട് സ്ട്രോങ്റൂം കട്ട് ചെയ്ത് ഏതാണ്ട് മൂന്നുകോടി രൂപ വിലവരുന്ന സാധനങ്ങൾ കട്ടുകൊണ്ട് പോയിട്ടുണ്ട്. യഥാർത്ഥത്തിൽ ഫോറസ്റ്റിന്റെ ചരിത്രത്തിൽ ഒരു ഷോക്കിംഗ് സംഭവമാണ് ഒലവക്കോട് സംഭവമെന്ന് എല്ലാവർക്കുമറിയാം. ഇതിനെക്കുറിച്ച് അന്വേഷിക്കുന്നത് ക്രൈം ബ്രാഞ്ചാണ്. ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തിൽ പുരോഗതിയില്ല എന്നുള്ളതുകൊണ്ട് തന്നെ ക്രൈം ബ്രാഞ്ചിന്റെ അന്വേഷണത്തെമാറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെട്ട പ്രകാരം ഒലവക്കോട് സ്ട്രോങ് റൂം കട്ട് ചെയ്ത് കടന്നുപോയ സംഭവത്തെക്കുറിച്ച് സി.ബി.ഐ അന്വേഷിക്കുന്നതിനെക്കുറിച്ച് എന്റെ അപേക്ഷ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് ഉത്തരവ് ഇറക്കിയിട്ടുണ്ട്. തളിപ്പറമ്പിലെ ചന്ദന കളവും അതിന്റെ അന്വേഷണത്തിന്റെ പുരോഗതിയിൽപ്പെടുത്താൻ ഗവൺമെന്റ് തീരുമാനമെടുക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ അറിയിക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഒരു കാര്യം അദ്ദേഹം ഇവിടെ പറഞ്ഞത് കോടതി വിധികൊണ്ട് പഞ്ചായത്തുകൾക്കോ വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർക്കോ ഇത് കൊടുക്കാവുന്നതാണ്. ഫോറസ്റ്റ് വകുപ്പിന് അതിൽ അധികാരമില്ലായെന്ന് അദ്ദേഹം പറഞ്ഞു. ഫോറസ്റ്റ് വകുപ്പിന് അധികാരമുണ്ടെന്നാണ് കോടതിവിധി. ഹൈക്കോടതി ജഡ്ജി ശ്രീ. കെ. എം.അബ്ദുൾ ഗഫൂറിന്റെ വിധിയിൽ ഫോറസ്റ്റിന്റെ അംഗീകാരം, എൻ.ഒ.സി. കിട്ടിയിരിക്കണമെന്നാണ്. അതുപോലെതന്നെ 2003 മാർച്ച് 11-ന് ഹൈക്കോടതി ജഡ്ജി ശ്രീ. കെ..ബാലകൃഷ്ണൻ പുറപ്പെടുവിച്ച വിധിയിലും ഫോറസ്റ്റിന്റെ ഡി.എഫ്.ഒ.മാരുടെ എൻ.ഒ.സി. ഉണ്ടായിരിക്കണമെന്ന ഗവൺമെന്റ് ഓർഡറിനെ പരിരക്ഷിച്ചു കൊണ്ടുള്ള വ്യക്തമായ ഹൈക്കോടതി വിധിയുണ്ട്. അദ്ദേഹം പറഞ്ഞത് ശുദ്ധ അസംബന്ധമാണ്. ഗവൺമെന്റ് ഓർഡറുണ്ട്. ഗവൺമെന്റ് ഓർഡറിനെ പരിരക്ഷിച്ചുകൊണ്ടുള്ള ഹൈക്കോടതിയുടെ വിധിയുമുണ്ട്. അദ്ദേഹം പഞ്ചായത്തുകൾക്ക് കൊടുക്കാവുന്നതാണെന്ന് പറഞ്ഞത് ശുദ്ധ അസംബന്ധമാണ്.

മി. സ്പീക്കർ: പഞ്ചായത്തുകൾക്ക് നിർത്താമെന്നാണ് അദ്ദേഹം പറഞ്ഞത്. ലൈസൻസ് കാൻസൽ ചെയ്യാമെന്നാണ്.

ശ്രീ. വി.എസ്.അച്ചുതാനന്ദൻ : സർ, അതല്ല. പഞ്ചായത്തുകളുടെ മാത്രം ലൈസൻസ് റദ്ദാക്കിയതുകൊണ്ട് മാത്രം....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മാത്രമല്ല. അത് agree ചെയ്തു. പഞ്ചായത്തിന്റേയും ഗവൺമെന്റിന്റേയും വേണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ചന്ദന ഫാക്ടറി നടത്താമെന്ന് പറഞ്ഞല്ല ഇത് വാങ്ങുന്നത്. ഡി.എഫ്.ഒ.മാർ പരിശോധിച്ചിട്ടാണ് ചന്ദനത്തിനാണോ അല്ലയോയെന്ന് വെരിഫൈ ചെയ്യുന്നതും എൻ.ഒ.സി. നിഷേധിക്കുന്നതും.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കൂട്ടത്തിൽ ഞാൻ കൂടി പറയേണ്ട ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിച്ചു. ദിവസവും വരുന്ന നമ്മുടെ നാട്ടിലെ വാർത്താമാദ്ധ്യമങ്ങൾക്ക് ഗവൺമെന്റിനെ വിമർശിക്കാനും ഗവൺമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് റിപ്പോർട്ട് ചെയ്യാനും അവകാശമുണ്ട്. അതിൽ പലപ്പോഴും സത്യങ്ങളും അർദ്ധസത്യങ്ങളും കാണും. അവർക്കു കിട്ടുന്ന വിവരങ്ങളെ ആശ്രയിച്ചാണിത്. ഓരോരുത്തർ പറഞ്ഞു കൊടുക്കുന്ന വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണല്ലോ പറയുന്നത്. അടുത്തകാലത്ത്, നിയമസഭാ സമ്മേളനം അടുത്തതോടുകൂടി ഒരുപാട് വാർത്തകൾ വരുന്നുണ്ട്. അതുകൊണ്ട് എന്നോട് പല സുഹൃത്തുക്കളും ഇതേപ്പറ്റി ചോദിക്കാറുണ്ട്. ദിവസവും വരുന്ന ഇന്ന പത്രത്തിലെ ഇന്ന വാർത്തയെപ്പറ്റി. ഓരോ ദിവസവും ഓരോ വാർത്ത നിഷേധിക്കാൻ തുടങ്ങിയാൽ എന്നെ സംബന്ധിച്ചാണെങ്കിൽ ഡെയ്‌ലി അത് നിഷേധിക്കുന്നതിനുവേണ്ടിത്തന്നെ 12 സ്റ്റേറ്റുമെന്റിറക്കേണ്ടി വരും. എന്നോട് ചോദിക്കുന്ന കാര്യങ്ങൾക്ക് ഞാൻ മറുപടി പറയാറുണ്ട്. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചു. അതുകൊണ്ട് ഞാൻ മറുപടി പറയുകയാണ്. ഫോറസ്റ്റിലെ ട്രാൻസ്ഫറുകളെല്ലാം മുഖ്യമന്ത്രി ഇടപെട്ട് സ്റ്റേ ചെയ്തുവെന്നുള്ളത് അടിസ്ഥാനരഹിതമാണ്. സാധാരണ ഗവൺമെന്റിന്റെ നടപടിക്രമമെന്നുപറഞ്ഞാൽ അതാത് ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥൻമാരുടെ ട്രാൻസ്ഫർ ആന്റ് പോസ്റ്റിങ്ങും അതാത് മന്ത്രിമാർ തന്നെയാണ് നടത്തുന്നത്. ഞാൻ അതിലൊന്നും ഇടപെടാറില്ല. അങ്ങനെ ഒരു ശൈലി ഞാൻ സ്വീകരിച്ചിട്ടില്ല. അതാത് മന്ത്രിമാരുടെ സ്വാതന്ത്ര്യമാണ്. റൂൾസും അതാണ്. അവരാണ് നടത്തിക്കൊണ്ടുപോകുന്നത്. ആൾ ഇൻഡ്യ സർവ്വീസിലെ ട്രാൻസ്ഫർ ആന്റ് പോസ്റ്റിങ്ങും വരുമ്പോൾ ഏത് ഡിപ്പാർട്ടുമെന്റിൽ വർക്ക് ചെയ്താലും അവസാനം മുഖ്യമന്ത്രി കൂടി ക്ലിയർ ചെയ്താൽ മതി. മുഖ്യമന്ത്രിയാണ് കൈകാര്യം ചെയ്യുന്നത്. ആൾ ഇൻഡ്യ സർവ്വീസിന്റെ ചുമതല തന്നെ മുഖ്യമന്ത്രിക്കാണ്. ആൾ ഇൻഡ്യ സർവ്വീസ് ഓഫീസേഴ്സിന്റെ മാത്രമല്ല, മറ്റു തരത്തിലുള്ള ഫയലുകളും ഞാൻ മാത്രമല്ല, മറ്റ് മുഖ്യമന്ത്രിമാർ ആണെങ്കിലും മന്ത്രിമാർ ആണെങ്കിലും ചില ഫയലുകൾ വരുമ്പോൾ `discuss എന്ന് എഴുതുന്നത് സ്വാഭാവികമാണ്. അത് ഗവൺമെന്റിന്റെ നടപടിക്രമമാണ്. ഫയലിലെ ചില കാര്യങ്ങൾ കൂറച്ചുകൂടി സംസാരിക്കണമെന്ന് തോന്നിയാൽ `discuss എന്ന് എഴുതി വയ്ക്കാറുണ്ട്. അത് എല്ലാ മന്ത്രിമാരും എല്ലാ കാലത്തും ചെയ്യുന്ന കാര്യമാണ്. ഈ ഫയൽ തന്നെ ആൾ ഇൻഡ്യ സർവ്വീസിന്റെ ഫയലായതുകൊണ്ടാണ് ഇങ്ങോട്ട് വന്നത്. ആൾ ഇൻഡ്യ സർവ്വീസ് ഓഫീസേഴ്സിന്റെ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട ഒരു ഫയൽ വന്നപ്പോൾ ഞാൻ അതിൽ `please discuss' എന്ന് എഴുതി വച്ചു. `discuss എന്നുമാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly

please discuss ഞാൻ മിക്കവാറും അങ്ങനെയാണ് എഴുതുന്നത്. അങ്ങനെ എഴുതി വച്ചു. അതാണ് അത് സ്റ്റേ അല്ല. ഒരു ചർച്ചയ്ക്കുവേണ്ടി എഴുതുകയാണ്. സ്റ്റേ ചെയ്തു എന്നുള്ള നിലയിൽ പത്രങ്ങളിൽ വാർത്ത വന്നു. പത്ര വാർത്തകൾ ദിവസവും നിഷേധിക്കുന്ന ഒരു പതിവില്ലാത്തതുകൊണ്ട് ഞാൻ അത് നിഷേധിക്കാൻ പോയില്ല. അതാണ് അതിലുണ്ടായ തെറ്റിദ്ധാരണ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിജിലൻസിന്റെ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എനിക്ക് ഇതൊന്ന് എഴുതിത്തന്നാൽ ഞാൻ അന്വേഷിച്ചിട്ട് അതിന്റെ വിവരം അറിയിക്കാം. ഇപ്പോൾ പെട്ടെന്ന് ഓർമ്മയിൽ നിന്ന് പറയാൻ സാദ്ധ്യമല്ല. എന്തൊക്കെയാണ് പറഞ്ഞതെന്ന് എനിക്കും അറിയില്ല. അങ്ങ് എനിക്ക് എഴുതിത്തന്നാൽ അത് വളരെ ഗൗരവമായിത്തന്നെ അന്വേഷിച്ചിട്ട് അതിന്റെ വിവരം അങ്ങയെ അറിയിക്കാം. അതുകൊണ്ട് അങ്ങ് ഇന്നുതന്നെ എഴുതിത്തന്നാൽ ഞാൻ അടിയന്തിരമായി അന്വേഷിക്കാം. ഗവൺമെന്റ് യാതൊന്നും മറയ്ക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞല്ലോ, ഇൻഡ്യാ രാജ്യത്ത്, ലോകം മുഴുവൻ കൊട്ടിഘോഷിച്ചു കേരളത്തിൽ എന്തോ കൂട്ടക്കുരുതി നടന്നു എന്ന്. ഞങ്ങൾ ഒന്നും മറച്ചുവയ്ക്കാൻ ശ്രമിച്ചില്ല. എന്നാൽ ശരി സി.ബി.ഐ. അന്വേഷിച്ചോ എന്ന് ഞങ്ങൾ പറഞ്ഞു ചോദിച്ചതും. ചോദിക്കാത്തതുമെല്ലാം സി.ബി.ഐ.ക്ക് വിട്ടുകൊടുത്തു. ഇതിനെക്കുറിച്ച് ഇതാണ് എനിക്ക് പറയാനുള്ളത്.

(2) ഓപ്പൺ സ്കൂൾ പരീക്ഷയുടെ ചോദ്യപേപ്പർ ലഭ്യമാക്കിയതിലെ കാലതാമസം

ശ്രീ. മത്തായി ചാക്കോ : സർ, ഓപ്പൺ സ്കൂളിലെ പ്ലസ് വൺ പരീക്ഷയുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിന്റെ പിടിപ്പുകേടിന്റേയും വീഴ്ചയുടേയും ഫലമായി അഞ്ഞൂറോളം വരുന്ന വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലായ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ഓപ്പൺ സ്കൂൾ പരീക്ഷ യഥാർത്ഥത്തിൽ റഗുലർ സ്കീമിന്റെ കൂടെ മാർച്ച് മാസം 31-ന് അവസാനിക്കേണ്ടതാണ്.

മി. സ്പീക്കർ : Is it a Public Examination or an Internal Examination ?

ശ്രീ. മത്തായി ചാക്കോ : സർ, പ്ലസ് വൺ പബ്ലിക് എക്സാമിനേഷനാണ്. ആ എക്സാമിനേഷൻ യഥാർത്ഥത്തിൽ മാർച്ചിൽ തീരേണ്ടതാ വെക്കേഷൻ കഴിഞ്ഞ് ജൂൺ മാസത്തിലാണ് തുടങ്ങിയത്. കോഴിക്കോട് ജില്ലയിലും ഈ സ്റ്റേറ്റിന്റെ പല ഭാഗങ്ങളിലും ഇതിന് കൃത്യമായ സെന്ററുകൾ നിർണ്ണയിച്ച് ആളുകളെ നിശ്ചയിച്ചുകൊടുക്കുന്ന ഒരു ഏർപ്പാട് ഉണ്ടായിരുന്നില്ലേ? കൊയിലാണ്ടി മാപ്പിള സ്കൂളിലും അതുപോലെ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലും 20-ാം തീയതി വെള്ളിയാഴ്ചയാണ് ആ സെന്ററിൽ പരീക്ഷയുണ്ടെന്നുള്ള വിവരം കൊടുക്കുന്നത്. 20-ാം തീയതി രാത്രി വരെ അവിടെ ഹെഡ്മാസ്റ്ററും അദ്ധ്യാപകരും ചോദ്യപേപ്പർ വരുന്നതും കാത്തിരുന്നു. അവിടെ വന്നില്ല. വിളിച്ചുചോദിച്ചപ്പോൾ അയച്ചിട്ടുണ്ട് എന്നുള്ള മറുപടിയാണ് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് കിട്ടിയത്. 21-ാം തീയതിയാണ് പരീക്ഷ നിശ്ചയിച്ചിരുന്നത്. ഗവൺമെന്റ് ഗേൾസ് സ്കൂളിലെ

LIBRARY ARCHIVES Kerala Legislative Assembly